# കേരളസർവകലാശാല

നം.പി.ആർ.81/2022

## പത്രക്കുറിപ്പ്

### എം.ബി.എ. (ഫുൾടൈം) അഡ്മിഷൻ – അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാലയുടെ വിവിധ മാനേജ്മെന്റ് പഠനകേന്ദ്രങ്ങളിൽ എം.ബി.എ. (ഫുൾടൈം) കോഴ്സിലേക്കുളള 2022–24 വർഷത്തെ പ്രവേശനത്തിനുളള ഓൺലൈൻ അപേക്ഷ കൾ ക്ഷണിക്കുന്നു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2022 മെയ് 20 രാത്രി 10 മണി. വിശദവിവരങ്ങൾക്ക് വെബ്സൈറ്റ് (www.admissions.keralauniversity.ac.in) സന്ദർശിക്കുക.

### പരീക്ഷാഫലം

കേരളസർവകലാശാല 2022 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ./എം. എസ്സി./എം.കോം./എം.എസ്.ഡബ്ല്യു., ആഗസ്റ്റ് 2021 സ്പെഷ്യൽ പരീക്ഷയുടെ എം.എ. ഹിന്ദി, സംസ്കൃതം, ഫിലോസഫി, മലയാളം, എം.എസ്സി. ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, സുവോളജി, കമ്പ്യൂട്ടർ സയൻസ്, എം.കോം. എന്നീ കോഴ്സുകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഏപ്രിൽ 30 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാല 2022 ഏപ്രിൽ 25, 27 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന മൂന്നാം സെമസ്റ്റർ എം.ബി.എ. റെഗുലർ 2020 സ്കീം – ഫുൾടൈം ((യു.ഐ.എം. ഉൾപ്പെടെ)/ട്രാവൽ ആന്റ് ടൂറിസം) പരീക്ഷകൾ യഥാക്രമം മെയ് 4, 6 തീയതികളിലേക്ക് മാറ്റിയിരിക്കുന്നു. പരീക്ഷാ കേന്ദ്രത്തിനോ സമയക്രമത്തിനോ മാറ്റമില്ല.

### പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ ബി.ടെക്., ഒക്ടോബർ 2021 (2013 സ്കീം), ബി.ടെക്., മെയ് 2021 (2008 സ്കീം) എന്നീ പരീക്ഷകളുടെ കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി എന്നീ ബ്രാഞ്ചുകളുടെ ഇലക്ട്രോണിക് സർക്യൂട്ട്സ് ലാബ്, പ്രോഗ്രാമിംഗ് ലാബ് എന്നീ പ്രാക്ടിക്കൽ പരീക്ഷകൾ 2022 ഏപ്രിൽ 27, 28 തീയതികളിൽ കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് നടക്കുന്നതാണ് . വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### മേഴ്സിചാൻസിന് അപേക്ഷിക്കാം

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ., ബി.എസ്സി., ബി.കോം. (മേഴ്സിചാൻസ് – 2015, 2016 അഡ്മിഷൻസ്) പരീക്ഷക്ക് പിഴകൂടാതെ ഏപ്രിൽ 27 വരെയും 150 രൂപ പിഴയോടെ ഏപ്രിൽ 29 വരെയും 400 രൂപ പിഴയോടെ ഏപ്രിൽ 30 വരെയും ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

കേരളസർവകലാശാല 2022 മെയ് 3 മുതൽ നടത്തുന്ന രണ്ടാം സെമസ്റ്റർ ബി.വോക്. ഫുഡ് പ്രോസസിംഗ് (359), ബി.വോക്. ഫുഡ് പ്രോസസിംഗ് ആന്റ് മാനേജ്മെന്റ് (356) (റെഗുലർ – 2020

അഡ്മിഷൻ) പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ ഏപ്രിൽ 25 വരെയും 150 രൂപ പിഴയോടെ ഏപ്രിൽ 27 വരെയും 400 രൂപ പിഴയോടെ ഏപ്രിൽ 28 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

**ജർമ്മൻ A1(Deutsch A1), ജർമ്മൻ A2(Deutsch A2) – അപേക്ഷാത്തീയതി നീട്ടി**

കേരളസർവകലാശാല ജർമ്മൻ പഠനവിഭാഗം നടത്തുന്ന ജർമ്മൻ A1(Deutsch A1) കോഴ്സിനും ജർമ്മൻ A2(Deutsch A2) എന്നീ ഹ്രസ്വകാല കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

ജർമ്മൻ A1(Deutsch A1) കോഴ്സ്: യോഗ്യത: പ്ലസ്ടു/തത്തുല്യ യോഗ്യത, കോഴ്സ്ഫീസ്: 8000/–, കാലയളവ്: 80 മണിക്കൂർ (2 മുതൽ 3 മാസം), സമയം: വൈകിട്ട് 5:30 മുതൽ 7:00 വരെ (തിങ്കൾ മുതൽ വ്യാഴം വരെ), ആകെ സീറ്റ്: 30

ജർമ്മൻ A2(Deutsch A2) കോഴ്സ്: യോഗ്യത: പ്ലസ്ടു/തത്തുല്യ യോഗ്യത & ജർമ്മൻ A1 Level/തത്തുല്യ യോഗ്യത, കോഴ്സ്ഫീസ്: 9000/–, കാലയളവ്: 80 മണിക്കൂർ (2 മുതൽ 3 മാസം), സമയം: രാവിലെ 7:30 മുതൽ 9:00 വരെ (ചൊവ്വ മുതൽ വെള്ളി വരെ), ആകെ സീറ്റ്: 30

അപേക്ഷാഫീസ് 105 രൂപയും രജിസ്ട്രേഷൻ ഫീസ് 105 രൂപയുമാണ്. (സർവകലാശാല ക്യാഷ് കൗണ്ടറിലോ ഓൺലൈനായോ ഫീസ് അടയ്ക്കാവുന്നതാണ്). അപേക്ഷാഫോം സർവകലാശാല ജർമ്മൻ പഠനവിഭാഗത്തിൽ നിന്നോ ഓൺലൈനായോ (https://www.keralauniversity.ac.in/dept/dept-home) ലഭ്യമാകുന്നതാണ്. അപേക്ഷകൾ 2022 ഏപ്രിൽ 30 ന് വൈകിട്ട് 4:30 വരെ പാളയം സെനറ്റ്ഹൗസ് ക്യാമ്പസിലെ ജർമ്മൻ പഠനവിഭാഗത്തിൽ സ്വീകരിക്കുന്നതാണ്.

തിരുവനന്തപുരം,
21.04.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**